REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഈ വർഷത്തെ സർദാർ പട്ടേൽ അനുസ്മരണ പ്രഭാഷണം വൈകിട്ട് ന്യൂഡൽഹിയിൽ. കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ പ്രഭാഷണം നടത്തും.**
- **അമീബിക് കേസുകൾ വർധിക്കുന്ന സാഹചര്യത്തിൽ ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിൽ സംഘത്തിന്റെ സന്ദർശനം കോഴിക്കോട്ട് തുടരുന്നു.**
- **തദ്ദേശ പൊതുതിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.**
- **ഗ്രീൻ ലീഫ് റേറ്റിംഗ് മന്ത്രി M B രാജേഷ് തിരുവനന്തപുരത്ത് ഉച്ചകഴിഞ്ഞ് ഉദ്ഘാടനം ചെയ്യും.**
- **ഇന്ത്യ- ഓസ്ട്രേലിയ ഒന്നാം ട്വന്റി-20 ക്രിക്കറ്റ് മത്സരം ഉച്ചകഴിഞ്ഞ് കാൻബറയിൽ.**

## വാർത്തകൾ വിശദമായി

കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ വൈകിട്ട് ന്യൂഡൽഹിയിൽ ഈ വർഷത്തെ സർദാർ പട്ടേൽ അനുസ്മരണ പ്രഭാഷണം നടത്തും. കേന്ദ്രസഹമന്ത്രി ഡോ. L മുരുകനും പരിപാടിയിൽ പങ്കെടുക്കും. ഇന്ത്യയുടെ ആദ്യ വാർത്താവിതരണ പ്രക്ഷേപണ മന്ത്രിയായിരുന്ന സർദാർ വല്ലാഭായ് പട്ടേലിന്റെ സ്മരണയ്ക്കായി ആകാശവാണിയാണ് അനുസ്മരണ പ്രഭാഷണം സംഘടിപ്പിക്കുന്നത്. പട്ടേലിന്റെ ജന്മദിനമായ ഒക്ടോബർ 31 ന് ആകാശവാണി ശൃംഖലയിൽ പ്രഭാഷണം പ്രക്ഷേപണം ചെയ്യും.

C രാജഗോപാലാചാരി, ഡോ. APJ അബ്ദുൽ കലാ, മൊറാർജി ദേശായി, ഡോ. സക്കീർ ഹുസൈൻ, ഡോ. കസ്തൂരിരംഗൻ, പ്രൊഫ. MGK മേനോൻ, ഡോ. MS സ്വാമിനാഥൻ, അരുൺ ജെയ്റ്റ്ലി, ഡോ. S ജയശങ്കർ എന്നിവരടക്കം പ്രമുഖർ മുൻവർഷങ്ങളിൽ അനുസ്മരണ പ്രഭാഷണം നടത്തിയിരുന്നു.

✪✪✪

അതിർത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മേഖലയിൽ സ്ഥിരത നിലനിർത്തുന്നതിനും നിലവിലെ സംവിധാനങ്ങൾ ഉപയോഗിക്കുന്നത് തുടരാൻ ഇന്ത്യയും ചൈനയും സമ്മതിച്ചു. ഈ മാസം 25-ന് ചുഷൂൽ-മോൾഡോ അതിർത്തിയിൽ ഇന്ത്യ-ചൈന കോർപ്സ് കമാൻഡർ തല ചർച്ചയുടെ 23-ാം റൗണ്ടിലാണ് തീരുമാനം.

✪✪✪

അടുത്ത മാസം ഒന്നിന് മലേഷ്യയിലെ ക്വാലാലംപൂരിൽ 12-ാമത് ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പങ്കെടുക്കും. ADMM-Plus-ന്റെ 15 വർഷങ്ങളും മുന്നോട്ടുള്ള വഴികളും എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ഫോറത്തിൽ രാജ്നാഥ് സിംഗ് പ്രസംഗിക്കും.

✪✪✪

14-മാത് വാണിജ്യ കൽക്കരി ഖനന ലേലത്തിന് കേന്ദ്രമന്ത്രി G കിഷൻ റെഡ്ഡി ന്യൂഡൽഹയിൽ ഇന്ന് തുടക്കം കുറിക്കും. കൽക്കരി ബിസിനസ് എളുപ്പമാക്കൽ, വൈവിദ്ധ്യമാർന്ന നിക്ഷേപം ആകർഷിക്കൽ, വിശാല വ്യവസായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് ലേലത്തിന്റെ ലക്ഷ്യമെന്ന് കൽക്കരി മന്ത്രാലയം അറിയിച്ചു.

✪✪✪

ഒഡീഷയിൽ മൊൻത ചുഴലിക്കാറ്റിനെ തുടർന്ന് ഗജപതി, ഗംഞ്ചം ജില്ലകളിൽ പേമാരിയും കാറ്റും ജനജീവിതത്തെ ബാധിച്ചു. മരങ്ങൾ കടപുഴകി വീണതിനാൽ റോഡുകൾ തടസ്സപെട്ടിരിക്കുകയാണ്- ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

✪✪✪

ആർദ്രകേരള- കായകൽപ പുരസ്കാരങ്ങൾ രാവിലെ തിരുവനന്തപുരം ടാഗോർ ഹാളിൽ മന്ത്രി വീണാ ജോർജ് വിതരണം ചെയ്തു. നിർണയ ലാബ് ശൃംഖലയും മന്ത്രി ഉദ്ഘാടനം ചെയ്തു. ആരോഗ്യ അനുബന്ധ മേഖലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ മികച്ച പ്രവർത്തനങ്ങൾക്കാണ് ആർദ്രകേരള പുരസ്കാരങ്ങൾ.

✪✪✪

അമീബിക് കേസുകൾ സംസ്ഥാനത്ത് വർധിക്കുന്ന സാഹചര്യത്തിൽ ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിൽ സംഘത്തിന്റെ ഫീൽഡ്സന്ദർശനം കോഴിക്കോട്ട് ഇന്നും തുടരുന്നു. രാവിലെ മെഡിക്കൽ കോളജിൽ എത്തിയ സംഘാംഗങ്ങൾ പല ടീമുകളായി തിരിഞ്ഞാണ് സന്ദർശനം.

✪✪✪

PM ശ്രീ വിഷയത്തിലെ ധാരണാപത്രത്തിൽ നിന്ന് പിന്മാറാൻ കേരളം കേന്ദ്രത്തിന് കത്ത് നൽകിയേക്കുമെന്ന് മാധ്യമ റിപ്പോർട്ടുകൾ പറയുന്നു. CPI-CPIM കേന്ദ്രനേതൃത്വങ്ങളുടെ ഇടപെടലിലൂടെയാണ് തീരുമാനമെന്നാണ് സൂചന.

മുന്നണിയിലോ മന്ത്രിസഭയിലോ കൂടിയാലോചന നടത്താതെ PM ശ്രീയിൽ ഒപ്പുവെക്കാൻ CPIM തിരുമാനിച്ചതിനെ തുടർന്ന് ഇന്നത്തെ മന്ത്രിസഭായോഗത്തിൽ നിന്ന് വിട്ട് നിൽക്കാൻ എടുത്ത തീരുമാനം CPI പിൻവലിച്ചതായും റിപ്പോർട്ടുകളുണ്ട്. CPI ദേശീയ സെക്രട്ടറിയേറ്റ് യോഗത്തിന് ശേഷം ഇത് സംബന്ധിച്ച അന്തിമ തീരുമാനം പുറത്തുവരും.

ഇത് സംബന്ധിച്ച് ഗവൺമെന്റിന്റെ സ്ഥിരീകണം ലഭിച്ചിട്ടില്ല. ധാരണാപത്രത്തിൽ നിന്ന് പിൻമാറാൻ തീരുമാനിച്ചതായി അറിയില്ലെന്ന് മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

PM ശ്രീയിൽ നിന്ന് പിൻവാങ്ങുന്ന സംസ്ഥാന ഗവൺമെന്റിന്റെ നീക്കം ആത്മഹത്യാപരമെന്ന് BJP നേതാവ് K സുരേന്ദ്രൻ പറഞ്ഞു. കരാറിൽ നിന്ന് കേരളത്തിന് ഏകപക്ഷീയമായി പിന്മാറാൻ കഴിയില്ലെന്നും സുരേന്ദ്രൻ അഭിപ്രായപ്പെട്ടു.

✪✪✪

PM ശ്രീ വിഷയത്തിൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരസ്പരം കാര്യങ്ങൾ മനസ്സിലാക്കാൻ CPIM-നും CPI-ക്കും കഴിയുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. രണ്ടായി പ്രവർത്തിക്കുന്നുവെങ്കിലും ഹൃദയം കൊണ്ട് പാർട്ടികൾ ഒന്നാണെന്ന് അദ്ദേഹം തൃശൂരിൽ അഭിപ്രായപ്പെട്ടു.

✪✪✪

തദ്ദേശ പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത ദേശീയ, സംസ്ഥാന രാഷ്ട്രീയകക്ഷികളുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. മാസ്ക്കറ്റ് ഹോട്ടലിലെ ഹാർമണി ഹാളിലാണ് യോഗം.

✪✪✪

പൊതു-സ്വകാര്യ സ്ഥാനപങ്ങളെയും, വിനോദ സഞ്ചാര കേന്ദ്രങ്ങളെയും, പൊതുഇടങ്ങളെയും ശുചിത്വം അടിസ്ഥാനമാക്കി ഗ്രേഡ് ചെയ്യാൻ ജനങ്ങൾക്ക് അവസരമൊരുക്കുന്ന ഗ്രീൻ ലീഫ് റേറ്റിംഗ് മന്ത്രി M B രാജേഷ് തിരുവനന്തപുരത്ത് ഉച്ചകഴിഞ്ഞ് ഉദ്ഘാടനം ചെയ്യും. വിദ്യാർത്ഥികളിൽ ശുചിത്വ അവബോധം വർദ്ധിപ്പിക്കാൻ ഏർപ്പെടുത്തിയ സ്കോളർഷിപ്പ് ചടങ്ങിൽ മന്ത്രി V ശിവൻകുട്ടിയും ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം മുതൽ തൃശൂർ വരെ എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കർണാടക തീരത്ത് മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

മഴയിൽ പാലക്കാട് എടത്തനാട്ടുകര ചളവറ ഗവൺമെന്റ് യു.പി സ്കൂളിന്റെ മതിൽ ഇടിഞ്ഞു. മണ്ണാർക്കാട് പുലാപ്പറ്റയിൽ വീടിനും കേടുപാട് സംഭവിച്ചു.

✪✪✪

രണ്ട് മാസത്തിനിടെ ഇടുക്കി ആർച്ച് ഡാം കാണാൻ 27,700 പേരെത്തി. സെപ്തംബർ ഒന്നിനാണ് പൊതുജനങ്ങൾക്ക് സന്ദർശിക്കാൻ അണക്കെട്ട് തുറന്നുകൊടുത്തത്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...

.........വോയ്സ്.........

ഇടുക്കി ആർച്ച് ഡാം എന്ന നിർമ്മാണ വിസ്മയം നേരിട്ടാസ്വദിക്കാൻ നിരവധിയാളുകളാണ് ദിനംപ്രതി എത്തുന്നത്.

കുറുവൻ കുറത്തി മലകളെ ബന്ധിപ്പിക്കുന്ന ഇടുക്കി ഡാമും സമീപത്തെ ചെറുതോണി അണക്കെട്ടും സഞ്ചാരികൾക്ക് സമ്മാനിക്കുന്നത് അപൂർവമായ

ദൃശ്യാനുഭവമാണ്. ഓണം, വിജയദശമി, ദീപാവലി തുടങ്ങിയ അവധിദിനങ്ങളിൽ സഞ്ചാരികളുടെ ഒഴുക്കായിരുന്നു ഇവിടേയ്ക്ക്.

ഇതുവരെയുള്ള കണക്കുകൾ പ്രകാരം രണ്ട് മാസത്തിനിടെ 25060 മുതിർന്നവരും 2640 കുട്ടികളും ഡാം കാണാനെത്തി. അടുത്ത മാസം മുതൽ സന്ദർശക നിയന്ത്രണം ഒഴിവാക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. എന്നാൽ ഔദ്യോഗിക ഉത്തരവ് ഇറങ്ങിയിട്ടില്ല. നവംബർ 30 വരെ പൊതുജനങ്ങൾക്ക് സന്ദർശനം അനുവദിക്കാനാണ് നിലവിലുള്ള തീരുമാനം. നിയന്ത്രണം ഒഴിവാക്കിയാൽ സഞ്ചാരികളുടെ എണ്ണത്തിൽ വൻ വർധനയുണ്ടാകുമെന്നാണ് പ്രതീക്ഷ.

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ അഞ്ചുമത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരം ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1-45 ന് ആരംഭിക്കും. കാൻബറയിലെ മനുകാ ഓവലിലാണ് മത്സരം.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിലെ ആദ്യ സെമിയിൽ ഇംഗ്ലണ്ട്, ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ഗോഹട്ടിയിലെ ബർസാപാഡ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് മൂന്നിനാണ് മത്സരം. ആകാശവാണി ഇംഗ്ലീഷിലും, ഹിന്ദിയിലും തത്സമയം ദൃക്സാക്ഷിവിവരണം പ്രക്ഷേപണം ചെയ്യും.

✪✪✪

ശബരിമലയിൽ മണ്ഡല - മകരവിളക്ക് തീർത്ഥാടന കാലത്ത് പ്രതിദിനം 70,000 പേർക്ക് വെർച്വൽക്യൂ വഴി ദർശനം അനുവദിക്കും. ഇതിന് ബുക്കിംഗ് അടുത്ത മാസം ഒന്നിന് തുടങ്ങും. സ്പോട്ട് ബുക്കിംഗും തുടരും. നവംബർ 16ന് വൈകിട്ട് അഞ്ചിനാണ് തീർത്ഥാടനത്തിന് നട തുറക്കുക.

✪✪✪

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ അൽപശി ഉത്സവത്തോടനുബന്ധിച്ച് ഇന്ന് പള്ളിവേട്ട നടത്തും. രാത്രി എട്ടരയോടെ ചടങ്ങുകൾ തുടങ്ങും. നാളെയാണ് ആറാട്ട്.

തിരുവനന്തപുരത്ത് നിന്ന് രെജു കൊലിയക്കോട്...

........വോയ്സ്.........

സുന്ദര വിലാസം കൊട്ടാരത്തിന് മുന്നിൽ പ്രത്യേകം തയാറാക്കുന്ന പന്തലിലാണ് ഇന്ന് അല്പശി ഉത്വത്തോടനുബന്ധിച്ചുള്ള പള്ളിവേട്ട നടത്തുന്നത്.

അത്താഴ ശ്രീബലിക്ക് ശേഷം ശ്രീപത്മനാഭസ്വാമിയെയും തിരുവമ്പാടി ശ്രീകൃഷ്ണ സ്വാമിയെയും നരസിംഹ മൂർത്തിയേയും പടിഞ്ഞാറേ നട വഴി വേട്ടക്കളത്തിലേക്ക് എഴുന്നള്ളിക്കും.

വാദ്യ ഘോഷങ്ങൾ ഒഴിവാക്കിയാണ് എഴുന്നള്ളത്ത്. ക്ഷേത്രം സ്ഥാനി മൂലം തിരുനാൾ രാമ വർമ പ്രതീകാത്മകമായി കരിക്കിൽ അമ്പ് എയ്ത് പള്ളിവേട്ട നിർവഹിക്കും. ശേഷം വാദ്യമേളങ്ങളുടെ അകമ്പടിയോടെ തിരിച്ചെഴുന്നള്ളത്ത് നടക്കും.

നാളെ വൈകുന്നേരം 5 മണിക്ക് ആറാട്ട് ഘോഷയാത്ര പടിഞ്ഞാറേ നടയിൽ നിന്ന് ആരംഭിക്കും.വള്ളക്കടവിൽ നിന്ന് വിമാനത്താവളത്തിനുള്ളിലൂടെ യാണ് ഘോഷയാത്ര കടന്നുപോകുക. ശംഖുമുഖത്തെ ആറാട്ട് മണ്ഡപത്തിലെ പൂജകൾക്ക് ശേഷം വിഗ്രഹങ്ങൾ സമുദ്രത്തിൽ ആറാടിക്കും.ഇതോടെ പത്തു ദിവസം നീണ്ട അൽപശി ഉത്സവത്തിന് സമാപനമാകും. മറ്റന്നാൾ ആറാട്ട് കലശത്തോടെ ഉത്സവത്തിന്റെ ചടങ്ങുകൾ അവസാനിക്കും

അതേ സമയം ആറാട്ട് ഘോഷയാത്ര നടക്കുന്നതിനാൽ നാളെ വൈകുന്നേരം 4.45 മുതൽ രാത്രി 9 വരെ തിരുവനന്തപുരം വിമാനത്താവളത്തിൽ വിമാന സർവീസുകൾക്ക് നിയന്ത്രണമുണ്ടാകും.

✪✪✪

12 ദിവസത്തെ തുടർച്ചയായ ഇടിവിന് ശേഷം സ്വർണവില ഇന്ന് വർധിച്ചു. പവന് 560 രൂപ കൂടി 89,160 രൂപയ്ക്കാണ് ഇന്ന് വ്യാപാരം നടക്കുന്നത് - ഗ്രാമിന് 70 രൂപ കൂടി 11,145 രൂപയാണ് ഇന്നത്തെ വില.

✪✪✪

കുടുംബശ്രീയിലെ 18നും 40നും ഇടയിൽ പ്രായക്കാരുടെ സംഗമം ജൻ നെക്സ്റ്റ് സമ്മിറ്റിന് നാളെ തിരുവനന്തപുരം കനകക്കുന്ന് വേദിയാകുമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. കുടംബശ്രീക്ക് ശക്തമായ യുവനിരയെ വാർത്തെടുക്കുന്നതിനാണ് സമ്മിറ്റ് സംഘടിപ്പിക്കുന്നതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

താമരശ്ശേരി കട്ടിപ്പാറയിലെ ഫ്രഷ് കട്ട് അറവുമാലിന്യ സംസ്കരണ കേന്ദ്ര പ്രശ്നത്തിൽ കോഴിക്കോട് ജില്ലാ കലക്ടർ വിളിച്ച സർവകക്ഷി യോഗം വൈകിട്ട് ചേരും. മാലിന്യ സംസ്കരണ കേന്ദ്രം സന്ദർശിച്ച ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് യോഗത്തിൽ പരിഗണിക്കും.

✪✪✪

പക്ഷാഘാത ചികിത്സയിൽ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയാണെന്ന് പ്രമുഖ ന്യൂറോ ഇന്റർവെൻഷനിസ്റ്റ് ഡോ. സാക്കിർ ഹുസൈൻ പറഞ്ഞു. സ്ട്രോക്ക് ആന്റ് ന്യൂറോ ഇന്റർവൻഷൻ ഫൗണ്ടേഷൻ ആറാം വാർഷിക കോൺഫ്രൻസിൽ കോഴിക്കോട്ട് മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളത്തിൽ അന്തർദേശീയ നിലവാരത്തിൽ ഇന്റർവെൻഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ശ്രമം ഉണ്ടാകണമെന്ന് ഡോ. സാക്കിർ ഹുസൈൻ ആവശ്യപ്പെട്ടു.

✪✪✪

ഇടുക്കി അടിമാലി കൂമ്പൻപാറയിൽ മണ്ണിടിച്ചിൽ ദുരന്തത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന സന്ധ്യയുടെ ഇടതു കാൽ മുറിച്ചുമാറ്റി. കാൽ മുട്ടിന് താഴോട്ട് എല്ലുകളും രക്ത കുഴലുകളും ചതഞ്ഞരഞ്ഞതായി രാജഗിരി ആശുപത്രിയിലെ ഡോക്ടർമാർ അറിയിച്ചിരുന്നു.

✪✪✪

തൃശൂർ കുതിരാനിൽ ആനയെ തുരത്തുന്നതിനിടെ വാച്ചർക്ക് പരിക്കേറ്റു. ഫോറസ്റ്റ് വാച്ചർ ബിജുവിനാണ് പരിക്കേറ്റത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs : അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*